പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 387 11.12.2012-ൽ മറുപടിയ്ക്ക്

# കോൺക്രീറ്റ് ഇലക്ട്രിക് പോസ്റ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. പി. സി. ജോർജ്ജ് :<br>ഡോ. എൻ. ജയരാജ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി വിതരണത്തിനായുള്ള കോൺക്രീറ്റ് ഇലക്ട്രിക് പോസ്റ്റുകളുടെ നിർമ്മാണം ഏത് ഏജൻസിയാണ് ഏറ്റെടുത്തിട്ടുള്ളത് ; | (എ) കോൺട്രാക്ടർമാരുടെ പോൾ കാസ്റ്റിംഗ് യാർഡിൽ നിന്നും പോസ്റ്റുകൾ നിർമ്മിച്ച് ബോർഡിന് വിതരണം ചെയ്യുവരുന്ന ഏജൻസികളുടേയും, ബോർഡിൻെറ പോൾ കാസ്റ്റിംഗ് യാർഡിൽ നിന്ന് പോസ്റ്റുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന ഏജൻസികളുടേയും വിവരങ്ങൾ താഴെ ചേർക്കുന്നു.<br>1. ഇംപീരിയൽ ട്രേഡിംഗ് കമ്പനി, കൊല്ലംകോട്, കന്യാകുമാരി ജില്ല.<br>2. പൂജ ഇൻഡസ്ട്രീസ്, കോട്ടയം.<br>3. വെള്ളക്കാമറ്റത്തിൽ ഇൻഡസ്ട്രീസ്, പന്തളം.<br>4. വേണാട് സ്ട്രക്ചറൽസ്, കോട്ടയം.<br>5. കോതമംഗലം അഗ്രിഗേറ്റ്സ്, കോതമംഗലം.<br>6. റാഫേൽ ആൻറ് കമ്പനി, തൃശ്ശൂർ<br>7. ജ്യോതി കൺസ്ട്രക്ഷൻ കമ്പനി, മംഗലാപുരം.<br>8. പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കണ്ണൂർ.<br>9. ആങ്കർ സ്ട്രക്ചറൽസ്, കോലഞ്ചേരി, എറണാകുളം.<br>10. ശിവശക്തി എഞ്ചിനീയറിംഗ് & ഫാബ്രിക്കേറ്റേഴ്സ്, വാളയാർ, പാലക്കാട്.<br>11. കെ.ജെ. ജോസഫ്, (മങ്ങാട്ടുപറമ്പ് പോൾ കാസ്റ്റിംഗ് യാർഡ്, കണ്ണൂർ).<br>12. വെള്ളക്കാമറ്റത്തിൽ ഇൻഡസ്ട്രീസ്, (മാനന്തവാടി പോൾ കാസ്റ്റിംഗ് യാർഡ്), മാനന്തവാടി. |

| | | | |
|---|---|---|---|
| (ബി) | പോസ്റ്റുകളുടെ നിർമ്മാണത്തിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; | (ബി) | റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ സ്റ്റാൻഡേർഡ്സ്/ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് എന്നിവ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് പോസ്റ്റുകൾ നിർമ്മിക്കുന്നത്. |
| (സി) | പോസ്റ്റുകളുടെ ഉറപ്പും ഗുണനിലവാരവും പരിശോധിക്കുന്നതിന് എന്തു സംവിധാനമാണ് നിലവിലുള്ളത് ; | (സി) | ദർഘാസിലെ H -17 (Tests) പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ പോസ്റ്റുകൾ വൈദ്യുതി ബോർഡിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥൻ പരിശോധിച്ച്, നിർദ്ദിഷ്ട ടെസ്റ്റുകൾ നടത്തി, സ്വീകാര്യമായവയ്ക്ക് അംഗീകാരം നൽകിയതിനു ശേഷമാണ് പോസ്റ്റുകൾ സപ്ലൈ ചെയ്യുന്നതിന് കമ്പനികളെ അനുവദിക്കുന്നത്. |
| (ഡി) | കോൺക്രീറ്റ് ഇലക്ട്രിക് പോസ്റ്റുകൾ ഒടിഞ്ഞുണ്ടാകുന്ന അപകടങ്ങൾ കണക്കിലെടുത്ത് ഇതിന്റെ നിർമ്മാണ ഘട്ടത്തിൽ തന്നെ ശക്തമായ പരിശോധനാ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (ഡി) | വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥർക്ക് പോസ്റ്റുകളുടെ നിർമ്മാണ വേളയിൽ എപ്പോൾ വേണമെങ്കിലും പരിശോധന നടത്തുന്നതിനും, മെറ്റീരിയൽസിന്റെയും നിർമ്മാണത്തിന്റെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനാവശ്യമായ ടെസ്റ്റുകൾ നടത്തുന്നതിനും അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ.